## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ 5184 24.10.2011 ൽ മറുപടിക്ക്

### ജപ്പാൻ കുടിവെള്ള പദ്ധതി

**ചോദ്യം**

ശ്രീ. പി. തിലോത്തമൻ

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പാക്കേജിന്റെ അവസ്ഥ എന്താണെന്നും ഇനിയും എത്ര ശതമാനം ജോലികൾ പൂർത്തീകരിക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ ;

**മറുപടി**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ജിക്കാ സഹായത്തോടെ സംസ്ഥാനത്ത് 5 സമഗ്ര ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നാല് പാക്കേജുകളായാണ് ഓരോ പദ്ധതിയും നടപ്പിലാക്കുന്നത്.

പാക്കേജ് 1 ൽ ഇൻടേക്ക് വെല്ലിന്റേയും ജലശുദ്ധീകരണ ശാലയുടേയും നിർമ്മാണവും, പാക്കേജ് 2 ൽ ട്രാൻസ്മിഷൻ മെയിനുകൾ സ്ഥാപിക്കലും, പാക്കേജ് 3 ൽ ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്കും, പാക്കേജ് 4 ൽ ജലസംഭരണികളുടെ നിർമ്മാണവും ഉൾപ്പെടുന്നു. തിരുവനന്തപുരം, കോഴിക്കോട് പദ്ധതികളിൽ ഒരു പാക്കേജ് കൂടി ഉണ്ട് (പാക്കേജ് 5) ഇതിൽ നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണം ലക്ഷ്യമിടുന്നു.

ഓരോ പദ്ധതിയിലെയും വിവിധ പാക്കേജുകളുടെ നിർമ്മാണത്തിൽ ഇതുവരെ കൈവരിച്ച പുരോഗതി താഴെ ചേർക്കുന്നു.

1) **തിരുവനന്തപുരം പദ്ധതി**

| | |
|---|---|
| പാക്കേജ് 1 | 99.50% |
| പാക്കേജ് 2 | 92.95% |
| പാക്കേജ് 3 | 78.56% |
| പാക്കേജ് 4 – | 94.03% |
| റീഹാബിലിറേഷൻ ജോലികൾ | –ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. |

2)**<u>മീനാട് പദ്ധതി (കൊല്ലം ജില്ല)</u>**

| | | |
|---|---|---|
| പാക്കേജ് 1 | – | 99.50% |
| പാക്കേജ് 2 | – | 98.79% |
| പാക്കേജ് 3 | – | 65.58% |

ഈ പാക്കേജ് ഏറ്റെടുത്ത കരാറുകാരന്റെ വീഴ്ച മൂലം കരാർ റദ്ദാക്കുകയും ബാക്കി പണികൾ ഉടനെ റീ ടെൻഡർ ചെയ്യുന്നതുമാണ്.

| | | |
|---|---|---|
| പാക്കേജ് 4 | – | 99.55% |

3)**<u>ചേർത്തല പദ്ധതി (ആലപ്പുഴ ജില്ല)</u>**

| | | |
|---|---|---|
| പാക്കേജ് 1 | – | 96.43% |
| പാക്കേജ് 2 | – | 94.07% |
| പാക്കേജ് 3 | – | 91.81% |
| പാക്കേജ് 4 | – | 96.37% |

**<u>കോഴിക്കോട് പദ്ധതി</u>**

| | |
|---|---|
| പാക്കേജ് 1 | 32.00% |
| പാക്കേജ് 2എ | 86.36% |
| പാക്കേജ് 2ബി | 83.59% |
| പാക്കേജ് 3 | 37.67% |

ഇവിടേയും കരാർ റദ്ദാക്കേണ്ടി വന്നു. ബാക്കി പണികൾ റീടെൻഡർ ചെയ്തിരിക്കുകയാണ്

| | | |
|---|---|---|
| പാക്കേജ് 4 | – | 84.18% |
| പാക്കേജ് 5 | – | ടെൻഡർ ക്ഷണിച്ചിട്ടുണ്ട് |

(റീഹാബിലിറ്റേഷൻ പണികൾ)

**<u>പട്ടുവം പദ്ധതി (കണ്ണൂർ ജില്ല)</u>**

| | |
|---|---|
| പാക്കേജ് 1 | 96.54% |
| പാക്കേജ് 2 | 93.92% |
| പാക്കേജ് 3 | 36.35% |

മീനാട്, കോഴിക്കോട്, പട്ടുവം എന്നീ പദ്ധതികളിൽ പാക്കേജ് 3 ഒരേ കോൺട്രാക്ടർമാർക്കാണ് നല്കിയിരുന്നത്. കരാറുകാരന്റെ വീഴ്ച മൂലം കരാർ റദ്ദു ചെയ്യേണ്ടിവന്നു.

പട്ടുവത്തെ ബാക്കി പണികൾക്ക് രണ്ടു ടെൻഡറുകൾ അവാർഡ് ചെയ്യുകയും ഒരെണ്ണം കൂടി റീടെൻഡർ ചെയ്തിരിക്കുകയാണ്.

| | | |
|---|---|---|
| പാക്കേജ് 4 | – | 90.45% |

| | | | |
|---|---|---|---|
| (ബി) | ചേർത്തലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി എന്ന് കമ്മീഷൻ ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് പറയാമോ ; | (ബി) | 2011 ഡിസംബറിൽ കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | മീനച്ചിലാർ പദ്ധതി നടപ്പിലാക്കിയാൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ , ചേർത്തല പാക്കേജിനുണ്ടാകാൻ പോകുന്ന ഭീഷണിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ ; | (സി) | ഇതുമായി ബന്ധപ്പെട്ട് പ്രത്യേക പഠനങ്ങൾ നടത്തിയതായി അറിവില്ല. ചേർത്തല പദ്ധതിയ്ക്കാവശ്യമായ ജലം ദനരത്തെ അനുവദിച്ചു നല്കിയിട്ടുണ്ട്. |
| (ഡി) | തൈക്കാട്ടുശ്ശേരിയിലെ ട്രീറ്റ്മെന്റ് പ്ലാന്റിൽ മൂവാറ്റുപുഴയാറിലെ ജലമെത്താൻ എത്ര മീറ്റർ പൈപ്പ് ഇനി സ്ഥാപിക്കാനുണ്ടെന്നു പറയാമോ? പദ്ധതി കമ്മീഷൻ ചെയ്യുന്നതിനു മുമ്പ് പ്രധാനമായും പൂർത്തീകരിക്കാനുള്ള ജോലികൾ എന്തെല്ലാമെന്നു പറയാമോ? | (ഡി) | മൂവാറ്റുപുഴയാറിൽ നിന്നും തൈക്കാട്ടുശ്ശേരി ട്രീറ്റ്മെന്റ് പ്ലാന്റിൽ ജലമെത്തിക്കാൻ ആവശ്യമായ പൈപ്പുകൾ മുഴുവനും ഇപ്പോൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്.<br><br>ഇനി പ്രധാനമായും പൂർത്തീകരിക്കുവാനുള്ള ജോലികൾ ചുവടെ ചേർക്കുന്നു.<br><br>**<u>പാക്കേജ് 1:</u>** പിറവം മുതൽ തൈക്കാട്ടുശ്ശേരി വരെയുള്ള പൈപ്പ് ലൈൻ നിർമ്മാണം പൂർത്തിയാക്കിയ ശേഷം ഫ്ളഷിംഗ്, ട്രയൽ റൺ എന്നിവ നടന്ന് വരുന്നു. ശുദ്ധീകരണ ശാലയുടെ ഫ്ളഷിംഗും ട്രയൽ റണ്ണും പൂർത്തിയാക്കുവാനുണ്ട്.<br><br>**<u>പാക്കേജ് 2</u>** ശുദ്ധീകരണ ശാലയിൽ നിന്നും വിവിധ വില്ലേജുകളിലുള്ള 18 ടാങ്കുകളിലേക്കുള്ള ട്രാൻസ്മിഷൻ പൈപ്പുലൈൻ ( 78 കി. മീററോളം) ചാർജ് ചെയ്യുന്ന പ്രവൃത്തികളും ശുദ്ധീകരണ പ്രവൃത്തികളും ശേഷിക്കുന്നു. സ്കാഡ സംവിധാനത്തിൻെറ ചില പ്രവൃത്തികളും അവശേഷിക്കുന്നു. |

**<u>പാക്കേജ് 3</u>** രണ്ട് റയിൽവേ ക്രോസിംഗ് ജോലികൾ ചെയ്യാനുണ്ട്. പല സ്ഥലങ്ങളിലുമായി 1.50 കി.മീ. പൈപ്പ് ലൈൻ (ഗ്യാപ്പ് ക്ലോസിംഗ്) ജോലികൾ നടന്നു വരുന്നു. എല്ലാ വില്ലേജുകളിലെയും ഡിസ്ട്രിബ്യൂഷൻ ലൈനുകൾ ഫ്ളഷ് ചെയ്യുന്ന ജോലികളും അവശേഷിക്കുന്നു.

**<u>പാക്കേജ് 4</u>** അരൂർ. കഞ്ഞിക്കുഴി ടാങ്കുകളുടെ പൈപ്പ് കണക്ഷൻ ജോലികൾ നടന്നു കൊണ്ടിരിക്കുന്നു.

സെക്ഷൻ ഓഫീസർ